# ചങ്ങാതി



little KITEs
ലിറ്റിൽ കൈറ്റ്സ്
N.S.M.G.H.S
KOTTIYAM

N.S.M.G.H.S , KOTTIYAM



# N.S.M.G.H.S
# KOTTIYAM





# സന്ദേശം

മാനുഷിക മൂല്യങ്ങളോടൊപ്പം സാങ്കേതിക വിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തലമുറയെ വളർത്തിയെടുക്കുന്നതിനും,വിവരവിനിമയ സാങ്കേതിക വിദ്യയുടെ നവീനമേഖലകൾ പരിചയപ്പെടാൻ കുട്ടികൾക്ക് കിട്ടുന്ന ഈ അവസരം ഉപകരിക്കട്ടെയെന്നും ഞാൻ ആശംസിക്കുന്നു

Beena David







# താളുകളിലൂടെ

## ഉള്ളടക്കം

സന്ദേശം ---------------------- -2
പ്രളയം ---------------------- ---4
ഓട്ടപന്തയം-----------------------5
Funny Authors------------------7
മലയാളം നമ്മുടെ മാതാവ്--------8
തുരപ്പൻ കള്ളൻ ------------------9
World is made of Beauty--------10
പുലർക്കാലം-----------------------11
Win over Loneliness------------12
Scientific Names-----------------13
അമ്മയുടെ ത്യാഗം ---------------14
ചിത്രരചന-------------------------15
എൻ പ്രിയ ക്രൂട്ടുകാർ ---------------16
കേരളം------------------------------17
ജലം -------------------------------18
മഹത് വചനങ്ങൾ------------------19
രാജാവും മാനും --------------------20
പ്രകൃതി-----------------------------21
Photo Gallery----------------------22



# പ്രളയം



മഴയിറ്റു വീഴാൻ കൊതിച്ച നമ്മൾ
മഴ വേണ്ട വേണ്ടെന്നു കേണിടുമ്പോൾ
മഴനീരു വീണു തളിർക്കേണ്ട കാഴ്ച്ചകൾ
മിഴിനീർ പൊയ്കയായ് മാറിടുന്നോ ?

പ്രളയം പറയാതെ വന്നെത്തുമതിഥിയോ ?
പ്രതികാരദാഹിയായാടും നീർഭൂതമോ
പ്രകൃതിയെ നോവിച്ചു വാങ്ങിയ ശാപമോ
പ്രവചനത്തട്ടിൽ തെളിയാത്ത രാഹുവോ ?

ജലസേചനത്തിനായ് കെട്ടിയ ബന്ധനം
ജലശക്തിയേകുന്ന വൈദ്യുതി മോഹിച്ചു
ജലഭൂതയാത്ര തടയുന്ന വേളയിൽ
ജനജീവിതത്തിന്റെ താളം തകർന്നിടാം

ആരാന്റെ നെഞ്ചത്തു കെട്ടിയ ഡാം നാളെ
പൊട്ടിയാലാർക്കാണു ചേതം ?
ആരാന്റെയമ്മയ്ക്കു ഭ്രാന്തു പിടിച്ചാൽ
കാണുന്നവർക്കല്ലേ ചന്തം ?



# ഓട്ടപ്പന്തയം

അയർലണ്ട് രാജ്യത്തെ ഒരു രാജാവ് ഭരിച്ചു
കൊണ്ടിരുന്നു. അവന്റെ മകൾ അട്‌ലാണ്ട വളരെ ഭംഗിയായ് -
വളർന്നു വന്നു. അവളുടെ യൗവ്വന പ്രായത്തിൽ തന്നെ രാജാവ്-
അവൾക്കായി പങ്കാളിയെ തേടുവാൻ ആരംഭിച്ചു. അറ്റ്‌ലാണ്ട- ഒരു
വീര വനിതയാണ്. അവളെ വെല്ലുവാൻ മറ്റാരുമില്ലായിരുന്നു.
അറ്റ്‌ലാണ്ട അവളുടെ അപ്പനോട് പറഞ്ഞു അപ്പാ, ഓട്ടമത്സരത്തി-
ത്തിലും എന്നെക്കാൾ വേഗത്തിൽ ഓടുന്ന ഒരു വ്യക്തിയായിരി -
ക്കണം പങ്കാളിയാകേണ്ടത്. രാജാവ് സമ്മതിച്ചു, തന്റെ മകൾക്ക്
വരുന്നവൻ തന്റെ മകളെക്കാളും ഓട്ടപ്പന്തായത്തിൽ ഓടി ജയി -
ക്കണം. അങ്ങനെ ജയിക്കുന്നവന് തന്റെ രാജ്യവും തന്റെ മകളെ -
യും വിവാഹം ചെയ്ത് കൊടുക്കുന്നതായി പലരാജ്യങ്ങളിലും അറി -
യിച്ചു. ഓട്ടമത്സരത്തിൽ ആരെങ്കിലും അട്‌ലാണ്ടയോട് പരാജ്യ -
പ്പെട്ടാൽ അവന് മരണമാണ് ശിക്ഷയായി ലഭിക്കുന്നതെന്നും അ -
റിയിച്ചു .

പല രാജ്യങ്ങളിൽ നിന്നും പലരും കടന്നു വന്നു. ഓരോ ഓട്ട -
മത്സരങ്ങളിലും അട്‌ലാണ്ട ഓടി വിജയം കരസ്ഥമാക്കി.പരാജ്യ -
പ്പെട്ട യൗവ്വനക്കാർക്ക് അവരുടെ ജീവൻ നഷ്ടമായി.

മിടുക്കനായ യൗവ്വനക്കാരൻ അയർലണ്ട് ഭരണസമിതിയിൽ
വന്നു. ഓട്ടമത്സരത്തിൽ ഓടി വിജയം നേടി രാജാവിന്റെ
കൈയ്യിൽ നിന്ന് സമ്മാനം വാങ്ങുമെന്നും ധൈര്യത്തോടെ
പറഞ്ഞു. ഓത്സരത്തിന്റെത്സരത്തിന്റെ ദിവസം കുറിച്ചു.

മത്സരം കാണാനായി അനേകം പേർ വന്നു. മെറ്റ്ലാനിന്റെ ഭംഗിയായ, കരുത്തുള്ള ശരീരം കണ്ട്അയ്യോ! ഇവൻ തോറ്റാൽ വെറുതെ മരിക്കണമല്ലോ എന്ന് നിലവിളിച്ചു. അട്ലാണ്ടയും മെറ്റ്ലാണ്ടും തയ്യാറായി നിന്നു. മത്സരം ആരംഭിച്ചു. മെറ്റ്ലാന്റ് വളരെ വേഗത്തിൽ ഓടി മുന്നേറാൻ ആരംഭിച്ചു. അറ്റ്ലാണ്ട തന്റെ പൂർണശക്തിയുമെടുത്തു ഓടാൻ ആരംഭിച്ചു.

അറ്റ്ലാണ്ട മെറ്റ്ലാന്റിനെ മുന്നേറാൻ തുടങ്ങി. അപ്പോൾ മെറ്റ്ലാ - ന്റ് തന്റെ പോക്കറ്റിൽ നിന്നും ഒരു സ്വർണ്ണ ആപ്പിൾ അട്ലാണ്ട - യുടെ മുന്നിലേക്ക് ഉരുട്ടിവിട്ടു. അവൾ ആ പഴം കുനിഞ്ഞ് എടുക്കു- വാൻ ശ്രമിച്ചപ്പോൾ മെറ്റ്ലാന്റ് അവളെ മുന്നേറാൻ തുടങ്ങി. പ - ക്ഷേ അറ്റ്ലാണ്ട ധൈര്യം കൈവിട്ടില്ല. ആ ആപ്പിൾ പിടിച്ചുകൊ- ണ്ട് വീണ്ടും അവൾ മെറ്റ്ലാന്റിനെ പുറകിലാക്കി. ഇങ്ങനെ മെറ്റ്- ലാന്റ് മൂന്നു പ്രാവശ്യം ആപ്പിൾ അവളുടെ മുന്നിലേക്കിട്ടു. മൂന്നാമത് മുന്നിലേക്കിട്ട ആപ്പിൾ കല്ലുകൾ പതിച്ച ആ സ്വർണ്ണ ആപ്പിൾ പ്- ളച്ച്....പ്ളച്ച്... തിളങ്ങി. അറ്റ്ലാണ്ട അത് എടുക്കുവാനായി ശ്രമി- ച്ചപ്പോൾ മെറ്റ്ലാന്റ് അറ്റ്ലാണ്ടയെ പരാജയപ്പെടുത്തി വിജയം ക- രസ്ഥമാക്കി.

കുട്ടികളെ നമ്മുടെ ജീവിതം ഒരു ഓട്ടമത്സരം പോ - ലെയാണ്. സ്വർണ്ണ ആപ്പിൾ പഴം പോലെ തിളങ്ങുന്ന വസ്തുക്കള് നമ്മുടെ ജീവിത യാത്രയിൽ ഉണ്ടാകും. പക്ഷേ അതിനെ നോക്കി നിന്ന് സമയം കളയാതെ നിങ്ങൾ , നിങ്ങളുടെ ലക്ഷ്യം നോക്കി ജീവിത യാത്ര തുടരുക വിജയം ഉറപ്പ്

# FUNNY AUTHORS

- The most shivering author- 'Shakes'peare
- The most child like author- Leo tols 'Toy'
- The richest author- 'Gold' smith
- The heaviest author- 'Mil' ton
- The stylish author- James 'Jeans'
- The tallest author- H.W 'Long'fellow
- The quickest author- Jonathan 'Swift'
- The cunning author- Thomas 'wolf'
- The coolest author- Robert 'Frost'
- The peace loving author- William 'Make Peace' Thackray.

By:- ALEENA AZEEZ

# മലയാളംനമ്മുടെ മാതാവ്

മാതൃഭാഷ ഇന്ന് മന്ദിക്കുകയാണ്.ചരിത്രത്തോളം പഴക്കമുള്ള നമ്മുടെ ഭാഷ ചരമമടങ്ങുകയാണ്.മേഘസന്ദേ ശവും , താളിയോലയും,എഴുത്തുകളും,പത്രത്താളുകളും മറ്റും ഇന്റർനെറ്റ്, ഇ-മെയിൽ,മൊബൈൽ,എസ്.എം.എസ്,എന്നിവയിക്ക് വഴിമാറിമ്പോൾ ഇംഗ്ലീഷ് ഭാഷക്കു മുമ്പിൽ മലയാള ഭാഷയും വൈകാതെ സ്തുതിയടയും.മലയാളം നമ്മുടെ അഭിമാനമാണ്. അത് നമ്മുടെ സംസ്കാരമാണ്. അനുഭവത്തിന്റെ ആത്മാവിന്റെയും ഭാഷയാണ് മാതൃഭാഷ അതിനെ നിഷേധിക്കാൻ, ചവിട്ടിതാഴ്ത്താൻ ആർക്കും അവകാശമില്ല. ഇന്ന് പലർക്കും, എനിക്ക് മലയാളം അറിയില്ല എന്ന് പറയുന്നത് അവരുടെ ഗമ കൂട്ടുന്ന ഒന്നായി തീർന്നിരിക്കുന്നു. ഇന്നത്തെ വിദ്യഭ്യാസം രചനാത്മകമായ യാതൊന്നും നമ്മെ പഠിപ്പിക്കുന്നില്ല എന്ന് തന്നെ വേണമെങ്കിൽ പറയാം, സ്വന്തം കൈകാലുകൾ ഉപയോഗിക്കാൻ പോലും നമുക്കറിയില്ല. മാതൃഭാഷയിലെ വിശുദ്ധി കാത്തുസൂക്ഷിക്കണമെന്നുള്ള സന്ദേശം എന്നും ഓർമ്മയിൽ തെളിയട്ടെ.നമ്മുടെ ഭാഷ ഒന്നിനും വഴിമാറി കൊടുക്കേണ്ട ആവശ്യമില്ല.

ബീഗം സുൽത്താന

## <u>തുരപ്പൻ കള്ളൻ</u>

പത്തനംകോട്ട ജയിലിലേക്ക്
പൂച്ചപ്പോലീസിന്റെ വണ്ടി പാഞ്ഞു
തൊണ്ടി മുതലിട്ട വണ്ടി പോന്നു
പത്തായപ്പൂട്ടിൽ കള്ളനുണ്ട്.
പാത്തും പതുങ്ങിയും പാതിരാവിൽ
എത്തിയ കള്ളനെ പൂട്ടി പോലീസ്
തൊണ്ടിമൊതലൊന്ന് നോക്കിയാലോ
കപ്പയും തേങ്ങയും ഏറെയുണ്ട്.
മൊത്തത്തിൽ ആശാന്റെ ജോലി തന്നെ
കുത്തിയിരുന്ന് തുരപ്പ് തന്നെ
പത്തനംകോട്ടയ്ക്ക് പോകും വഴി
മത്തി വറുത്ത മണമടിച്ച്
പൂച്ചപ്പോലീസിന് കൊതി മൂത്തു
വണ്ടിയും നിർത്തി തിരച്ചിൽ തന്നെ
ഒത്തൊരു തക്കത്തിൽ തുരപ്പൻ കള്ളൻ
ആഞ്ഞൊരു തള്ളിനാൽ പൂട്ടൊടിച്ചു
ഇടത്തോട്ടും വലത്തോട്ടും നോക്കിടാതെ
പെട്ടന്ന് കണ്ട വഴിയേ ഓടി
പൂച്ചപ്പോലീസിന്റെ പണിയും പോയി
ആ വഴി ഈ വഴി മ്യാവൂ മ്യാവൂ.......

ബീഗം സുൽത്താന

# THE WORLD IS MADE OF BEAUTY

EVERYTHING IS BEAUTIFUL,
EVERY HOUR IS BEAUTIFUL,
EVERY SECOND IS BEAUTIFUL,
EVERY NIGHT IS BEAUTIFUL,
WHAT IS BEAUTY?
NOBODY KNOWS
WHERE IT LIES?
BEAUTY IS EVERYWHERE,
THERE IS BEAUTY IN THE
SORROW OF THE POOR.
THERE IS BEAUTY IN THE
CRYING OF A CHILD.
EVERY SOUL IS BEAUTIFUL,
EVERY LIFE IS BEAUTIFUL,
BUT WE ARE DESTROYING OUR
LIFE IN A BEAUTIFUL SECOND
THINKING THAT IT IS FULL OF
DIFFICULTIES
DIFFICULTIES MAKE UP OUR LIFE.
AND WE SHOULD FACE IT WITH A
BEAUTIFUL SMILE.

BY
BEEGUM SULTHANA

# പുലർക്കാലം

ഇതളുകൾ സൗമ്യമായി വിടരുന്നു
ഒരുമയുടെ മണിനാദം മീട്ടുന്നു
കാവ്യമോതംബുരു മീട്ടുന്നു

അരുണ കിരണങ്ങൾ തുകിടുന്നു
ചെന്താമരകൾ മിഴികൾ തുറന്നിടുന്നു
പക്ഷികൾ കളഗീതം മീട്ടിടുന്നു
കൊന്നകൾ പൂത്തു വിടരുന്നു

മന്ദമാരുതൻ മെല്ലെ ചലിക്കുന്നു
ആനന്ദത്താൽ പ്രകൃതിയും വിളങ്ങുന്നു
ജീവജാലങ്ങൾ സാനന്ദം തുള്ളുന്നു
പുതിയ പുലരി വന്നെത്തിടുന്നു

ഫാത്തിമ
9 എ

# WIN OVER  LONELINESS

Loneliness is a feeling that we don't want in the family or society. It makes us sad,depressed and takes away all the beauties from our life .Those who are lonely will be depri- ved of all meaning in life. Loneliness doesn't m-ean that we are shut alone in a dark room. It is a wonder that one may experience loneliness even when he is in a crowd. Psychologist consider the feeling of intense loneliness as a disease that demands immediate consideration. It is something that is generated from different sources. But the most important one is the lack of self-esteem. If we don't like our selves, we will not feel important in this world and no doubt it will gradually lead to loneliness

BY

FATHIMA N

# Scientific Names

**1.Lion =Panthera Leo**

**2. Tiger=Panthera Tigris**

**3.Paddy=Oriza Sativa**

**4.Cow=Bos Tauras**

**5.Golden Shower=Cashia Fistula**

**6.Human Being=Haomosaphians**

**7.Crow= Corvus Splendor**


# അമ്മയുടെ ത്യാഗം

ചിന്നു ഒരു പാവം പെൺകുട്ടിയാണ്.അവളുടെ അച്ഛൻ അവൾക്ക് രണ്ടുവയസ്സുള്ളപ്പോൾ ഒരു കാർ അപകടത്തിൽ മരണപ്പെട്ടു .ഇപ്പോൾ അവൾക്കു പതിനഞ്ചുവയസ്സുണ്ട്. അവളുടെ അമ്മ ഓരോ വീടുകളിൽ പോയി ജോലി ചെയ്താണ് മകളെ പഠിപ്പിച്ചിരുന്നത്.സ്കൂൾ അവധിയുള്ളപ്പോൾ അവൾ അമ്മയെ സഹായിക്കാൻ വേണ്ടി പോയിരുന്നു. .പഠനത്തിൽ മുന്നിലായിരുന്ന ചിന്നു മറ്റ് കലാകായികമേളയിലും അവളുടെ കഴിവു തെളിയിച്ചിരുന്നു. അതിനാൽ അധ്യാപകർക്കെല്ലാം അവളെ ഇഷ്ടമായിരുന്നു.അമ്മയെ ജീവനുതുല്യം സ്നേഹിച്ച ചിന്നു നിത്യവും അമ്മയെ കണികണ്ടുണരാൻ ആഗ്രഹിച്ചു. അതിനാൽ അമ്മയെന്നും മകളെ വിളിച്ചുണർത്തുമായിരുന്നു .ഒരിക്കൽ സമയമായിട്ടും അമ്മയെ കാണാതെയായതിനാൽ അമ്മയെതിരക്കി അമ്മയുടെ മുറിയിലെത്തിയപ്പോൾ ബോധമില്ലാതെ കിടക്കുന്ന അമ്മയെയാണ് അവൾ കണ്ടത് .തട്ടിയെഴുന്നേൽപ്പിക്കാൻ നോക്കിയിട്ടും അമ്മ എഴുന്നേൽക്കാഞ്ഞതിനാൽ, അയൽപക്കത്തുള്ളവരുടെ സഹായത്താൽ അമ്മയെ ഉടൻ ആശുപത്രിയിലെത്തിച്ചു

ഹൃദയാഘാതത്തിൽ ആ അമ്മ മരണപ്പെട്ടിരുന്നു.അമ്മയുടെ സംസ്കാര ചടങ്ങിനു ശേഷം ബന്ധുക്കളെല്ലാം അവരവരുടെ വീടുകളിലേക്ക് അവളെ ക്ഷണിച്ചെങ്കിലും അവൾ അതു നിരസിച്ചു. തന്റെ അമ്മ ഉറങ്ങുന്ന മണ്ണുവിട്ട് താൻ എങ്ങോട്ടുമില്ലെന്നായിരുന്നു അവളുടെ മറുപടി.എല്ലാവരും പോയതിനു ശേഷം അമ്മയുടെ മുറി വൃത്തിയാക്കുന്നതിനിടെ അവൾ ഒരു കടലാസു കാണാനിടയായി. അതുവായിച്ച അവൾ പൊട്ടിക്കരഞ്ഞുപോയി.അതു ഡോക്ടർ അമ്മയ്ക്കു നൽകിയ ഒരു മുന്നറിയിപ്പായിരുന്നു.അമ്മ വലിയൊരു രോഗത്തിനു അടിമയാണെന്നും,അതിന്റെ ഭാഗമായി ഹൃദയാഘാതം ഉണ്ടാകാമെന്നും അതിനാൽ ശരീരമധികം അനങ്ങരുതെന്നും,നല്ല ചികിത്സ എത്രയും പെട്ടെന്നു ചെയ്താൽ രക്ഷപെടുമെന്നായിരുന്നു അതിൽ. എന്നാൽ മകളെ പഠിപ്പിക്കാനുള്ള നെട്ടോട്ടത്തിൽ ആ അമ്മ സ്വയം മറന്ന് മകൾക്കുവേണ്ടി സ്വന്തം ജീവൻ തന്നെ ത്യാഗം ചെയ്യുകയായിരുന്നു.

ജഹാന ഷിറിൻ
9 C

# Drawing







**BY :Sneha**
**IX A**

# എൻ പ്രിയ കൂട്ടുകാർ

വിദ്യാലയമുറ്റത്തു ഞാൻ കണ്ട മലർവാടി,
അതിലേ പൂക്കളൊക്കെ എൻ പ്രിയ കൂട്ടുകാർ,
ഒരിക്കൽ വില്ലനായ് പൂങ്കാറ്റു വന്നപ്പോൾ,
അതിലേ ഇതളുകൾ കൊഴിഞ്ഞു പോയി.........
എൻ പ്രിയ കൂട്ടുകാർ ,
എന്നിൽ നിന്നും അകന്നു പോയീ..........

ജഹാന ഷിറിൻ
9C



# കേരളം

നമ്മുടെ കേരളം എത്ര മനോഹരമാണ്.ഇന്നത്തെ മനുഷ്യർ കേരളത്തിന്റെ സൗന്ദര്യം മനസ്സിലാക്കാതെയാണ് ജീവിക്കുന്നത്. പ്രകൃതിയെ സംരക്ഷിക്കുന്നതിന് പകരം മനുഷ്യർ ഉപദ്രവിക്കുകയാണ് ചെയ്യുന്നത്.അത് കൊണ്ട് തന്നെ പ്രകൃതിയും മനുഷ്യർക്ക് എതിരെ പ്രകൃതിക്ഷോഭത്തിലൂടെ തിരിച്ചടിനൽകുന്നു.അതിന് ഉദാഹരണമാണ് ഇപ്പോൾ കേരളത്തിൽ ഉണ്ടായ പ്രളയവും ജപ്പാനിലെചുഴലിക്കാറ്റും.

അലീന അസീസ്
9A

# ജലം

ജീവിതത്തിലെ പ്രധാന ഘടകമാണ് ജലം .ഇന്നത്തെ ലോകം ജലം പാഴാക്കുകയാണ് ചെയ്യുന്നത്. ജലത്തിന്റെ വില എന്താണെന്ന് മനുഷ്യൻ



മനസ്സിലാക്കുന്നില്ല. മഴയിലൂടെയാണ് ജലം പ്രധാനമായും ഭൂമിയിലേക്കെത്തുന്നത്. മരം ഉണ്ടെങ്കിലേ മഴ പെയ്യൂ.മനുഷ്യൻ മരം മുറിക്കുന്നതിലൂടെ ഭൂമിയിൽ മഴയുടെ ലഭ്യത കുറഞ്ഞുവരികയാണ് . ജലം അമൂല്യമാണ് .അതുകൊണ്ട് നാം ജലം പാഴാക്കരുത്.

ഫാത്തിമ

IX A

# മഹാന്മാരുടെ വാക്യങ്ങൾ

"സ്വപ്നം കാണുക, ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക, ആ ചിന്തകളെ പ്രവർത്തിയിലൂടെ സഫലമാക്കുക."

ഡോ . എപി ജെ അബ്ദുൾ കലാം

" "

എന്റെ ജീവിതമാണ് എന്റെ സന്ദേശം

മഹാത്മാഗാന്ധി

"

ഉറങ്ങുമ്പോൾ കാണുന്നതല്ല ഉറക്കംകെടുത്തുന്നതാണ് സ്വപ്നം."

ഡോ . എപി ജെ അബ്ദുൾ കലാം

" "

പ്രവർത്തിക്കുന്നില്ലെങ്കിൽ മരിക്കുക.

മഹാത്മാഗാന്ധി

# രാജാവും മാനും

സിട്ടിക്ക എന്ന രാജ്യത്തെ, ഒരു രാജാവ് ഭരിച്ച് വന്നു. വേട്ടയിൽ അവന് വല്ലാത്ത പ്രിയമായിരുന്നു. ഒരു ദിവസം തന്റെ - സേവകനുമായി കാട്ടിൽ വേട്ടയ്ക്ക് പോയി. ഭംഗിയുള്ള ഒരു മാനിനെ കണ്ട് അതിനെ തന്റെ തോക്കു കൊണ്ടു കാലിൽ വെടി വച്ചിട്ടും, ആ മാൻ ഓടിക്കളഞ്ഞു.

ആ മാനിന്റെ കാലിൽ വെടി കൊണ്ടതു കൊണ്ട് എവിടെയെങ്കിലും വീണുകിടക്കുമെന്നും എങ്ങനെയെങ്കിലും ആ മാനിനെയും കൊണ്ടേ കൊട്ടാരത്തിൽ പോകുകയുള്ളു എന്നും പറഞ്ഞു കൊണ്ട് ആ മാനിനെ അന്വേഷിച്ച് കാട്ടിനുള്ളിലേക്ക് രാജാവ് കയറി. തന്റെ സേവകനെ തന്നോടുകൂടെ പോരണ്ടായെന്ന് കൽപിച്ച് കൊട്ടാരത്തിലേക്ക് മടക്കി അയച്ചു. വളരെ ദൂരം കാട്ടിനുള്ളിൽ ന-

ടന്നിട്ടും മാനിനെ കാണുവാൻ സാധിച്ചില്ല. വഴിയിൽ ഇലകളാൽ നിറഞ്ഞ ചതുപ്പായ കുളത്തിൽ തന്റെ കാൽ വയ്ക്കവേ രാജാവ് കുളത്തിൽ തെന്നി വീണു.അതിൽഅകപ്പെട്ട് രക്ഷപ്പെടാൻ സാധിക്കാതെ ഉറക്കെവിളിക്കാൻ ആരംഭിച്ചു. രാജാവിനെ രക്ഷിക്കാൻ അവന്റെ സേവകനും അവിടെയില്ലായിരുന്നു.എവിടെയോ ഇരുന്ന് വെടികൊണ്ട ആ മാൻ രാജാവിന്റെ വിളി കേട്ട് ഓടിവന്നു.

# പ്രകൃതി



പ്രകൃതി ഒരു അതിമനോഹരമായ കാഴ്ചയാണ്.പ്രകൃതിയിലെ ഓരോ മനോഹരമായ കാഴ്ചകൾ നമ്മേ ജീവിക്കാൻ പ്രേരിപ്പിക്കുകയാണ്.പ്രകൃതിയിലെ മനോഹാരിത പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്.പ്രകൃതിയിലെ മനോഹരവസ്തുക്കളിൽ ഒന്നാണ് മരങ്ങൾ.നല്ല പച്ചപ്പുകൾ നിറഞ്ഞ അതിമനോഹരമായ ഒരു കാഴ്ചയാണ്.മരങ്ങൾ നമ്മുടെ ജീവിതത്തെ നിലനിൽക്കാൻ സഹായിക്കുന്നു.നമ്മൾ ജീവിക്കേണ്ടതെങ്ങനെയെന്ന് പ്രകൃതിപഠിപ്പിച്ചുതരും.പ്രകൃതിയിലെ മറ്റുവസ്തുക്കളാണ് പുഴകൾ,കാടുകൾ,മലകൾ, തുടങ്ങിയവകളെ ഈ അടുത്തകാലങ്ങളിൽ നമ്മൾ പ്രകൃതിയെ നശിപ്പിക്കുകയാണ്.അതിൻെറ ഫലമായി കഴിഞ്ഞ ജൂലൈ മാസത്തിൽ  വന്ന കൊടുംമഴയും,കാറ്റും.അതിൽ കേരളത്തിന് സംഭിച്ച ഒരു കാര്യമാണ് പ്രളയം. അതു നമ്മൾ വരുത്തിവച്ച  ദുരന്തം തന്നെയാണ്. പ്രകൃതിയിലെ സുന്ദരവസ്തുക്കൾ നമ്മളെ മറ്റൊന്നിൻെറ സൗന്ദര്യം ആസ്വദിക്കേണ്ടത് ഏങ്ങനെയെന്ന് പ്രകൃതി നമ്മേ മനസ്സിലാക്കിതരുന്നു.പ്രകൃതിയിൽ കാണുന്ന മനോഹരമായ വസ്തുക്കൾ നമ്മേ പ്രകൃതിയോട് കൂടുതൽ അടുക്കാൻ സഹായിക്കുന്നു.എന്നാൽ ഇന്നത്തെ തലമുറയിലുള്ളവർക്ക് പ്രകൃതി സൗന്ദര്യം  ആസ്വദിക്കേണ്ടത് എങ്ങനെയെന്നോ പ്രകൃതി സൗന്ദര്യം നിലനിർത്തേണ്ടത് എങ്ങനെയെന്ന് ഇപ്പോഴത്തെ തലമുറയക്ക് അറിയില്ല.ആളുകൾക്ക്    പ്രകൃതിയോട് ചെയ്യാൻ കഴിയുന്നതിൽ ഏറ്റവും വലിയ ക്രൂരതയാണ് ഇപ്പോൾ ചെയ്യുന്നത്.നമ്മൾ പ്രകൃതിയെ പരിപാലിക്കുകയാണെങ്കിൽ പ്രകൃതി സൗഭാഗ്യങ്ങൾ നിറയെ നൽകിയേനേ.പ്രകൃതിയെ പരിപാലിക്കാത്ത നമ്മൾ അത് നശിപ്പിക്കാനും ബാധ്യസ്ഥരല്ല.

# PHOTO GALLARY








flood relief collections.
NSMGHS Kottiyam
REDMI NOTE 5 PRO
MI DUAL CAMERA










# പിന്നിൽ പ്രവർത്തിച്ചവർ





